കഥ

# ഏതു ചേരിയിലേക്ക്

## ഇടശ്ശേരി

ആറു മണിക്കാണ് സ്വാമി അഖിലാനന്ദന്റെ ബ്രോഡ്കാസ്റ്റ്. നിരവധി ഗൃഹസ്ഥശിഷ്യന്മാരും സന്ന്യാസിശിഷ്യന്മാരും ഉണ്ട് അദ്ദേഹത്തിന്. സ്വാമിയുടെ ഉപദേശങ്ങളെ മററു രാജ്യങ്ങളേക്കാളധികം കേരളം ആദരിക്കുന്നു; കാരണം, അദ്ദേഹം ഒരു കേരളീയനാണ്.

അഞ്ച്, അഞ്ചരമണിക്കുതന്നെ സുകുമാരനും ലീലയും മൈതാനത്തിലെത്തി. അവരുടെ കൊച്ചോമന ലീലയുടെ ഒക്കത്തുണ്ട്. നിഷ്കളങ്കങ്ങളായ ആ കണ്ണുകൾ ഈ അദ്ഭുതപ്രപഞ്ചത്തിൻ നേർക്ക് തികച്ചും വിടർത്തിക്കൊണ്ട് പൊലീസ് സ്റ്റേഷനുമുൻപിലുള്ള കൽബഞ്ചിൽ അവർ ചെന്നിരുന്നു. തുടുതുടുത്ത ആകാശച്ചെരിവിലൂടെ തെന്നിത്തെന്നിയിറങ്ങുന്ന സൂര്യഗോളത്തെ അവിടെയിരുന്നു നോക്കിക്കാണുവാൻ കൂടുതൽ രസമുണ്ട്.

ഭംഗിയിൽ സൂട്ടിട്ട്, വായിൽ ഒരു സിഗരറ്റുമായി അവിടെയിരിക്കുമ്പോൾ എത്ര വലിയവനും ക്രോസ്ബെൽട്ട് ഇട്ട ഉയർന്ന ഉദ്യോഗസ്ഥൻപോലും സുകുമാരന്റെ നേർക്ക് ഒന്നു തലകുനിച്ചേ കടന്നുപോകൂ. താൻ ചീഫ് ജസ്റ്റിസിന്റെ മകളെ വിവാഹം കഴിക്കുകയും തന്നെപ്പറ്റി, അടുത്തുതന്നെ ജഡ്ജിയായി നിയമിക്കാൻ പോകുന്നുവെന്ന ഒരു കിംവദന്തി പരക്കുകയും ചെയ്ത മുതൽക്കാണ് ഈയൊരന്തസ്സ് അനുഭവിച്ചുവരുന്നതെന്ന് സുകുമാരൻ മനസ്സിലാക്കിയിട്ടുണ്ട്. ആറിഞ്ചു വീതിയിൽ കസവുള്ള പച്ചസ്സാരിയും തലയിൽ വിശറിയുടെ ആകൃതിയിൽ നിബന്ധിച്ച പൂമാലയും ഉള്ളപ്പോൾ താൻ ഒട്ടും അവഗണിക്കപ്പെടുകയില്ലെന്ന് ലീലയ്ക്കുറപ്പുണ്ട്; മി: സുകുമാരന്റെ ഭാര്യയാകുന്നതിനുമുൻപുതന്നെ ഓരോ മിഥ്യാസങ്കല്പങ്ങൾ! പച്ചസ്സാരിയും പൂമാലയുമില്ലാത്ത പെൺകിടാങ്ങൾ തന്നെ നമ്മുടെ ഈ കാലത്ത് അവഗണിക്കപ്പെടുന്നുണ്ടോ!

അവരുടെ വലതുഭാഗത്ത് ചുകന്ന പൂക്കൾ നിറയെ വിരിഞ്ഞ അലരിമരത്തിന്റെ ചോട്ടിലുള്ള ചെറിയ കെട്ടിടത്തിൽനിന്ന് റേഡിയോപ്പാട്ടുകൾ കേൾക്കുന്നു. അവിടെ അധികം ആളുകളുണ്ട്.

എതിർവശത്തുള്ള ബഞ്ചിൽ താസിൽമാർ മി: നായരും പത്നിയും വന്നിരുന്നു. അവരുടെ ദാമ്പത്യത്തിന്റെ രജതജൂബിലി കഴിഞ്ഞിരിക്കുന്നു. മിസ്സിസ്സ് നായരുടെ കബരീഭാരത്തിന് ഇനി മുല്ലപ്പൂമാല വേണമെന്നില്ലാതായിട്ടുണ്ട്. അവർക്കു മക്കളില്ല. ലീലയുടെ കുഞ്ഞിന്റെ കളികൾ അവർ കുറച്ചുനേരം ശ്രദ്ധിച്ചു. പിന്നീട് ഒരാവേശത്തോടെ അവർ വന്ന് കുട്ടിയെ വാരിയെടുത്തു. അവർ അതിനെ ഓമനിച്ചും ഞായംവെച്ചും അവിടെ ചടഞ്ഞുകൂടുമായിരുന്നു. മി: നായർ കുട്ടിയെ അങ്ങോട്ടു കൊണ്ടുചെല്ലാൻ പറഞ്ഞിരുന്നില്ലെങ്കിൽ വാസ്തവത്തിൽ മിസ്സിസ്സ് നായരേക്കാൾ കമ്പമാണ് അദ്ദേഹത്തിന്നു കുട്ടികളോട്. അവർ രണ്ടാളും ആ ഓമനക്കുഞ്ഞിനെ മാറിമാറിയെടുത്തു, ചുംബിച്ചു, പലതരത്തിൽ കളിപ്പിക്കുകയായി. മിസ്സിസ്സ് നായർ കൂട്ടത്തിൽ ഈയൊരഭിപ്രായവും പാസ്സാക്കി, “അച്ഛന്റെ തനിച്ഛായ, അല്ലേ?”

ലീലയുടെ കവിൾ കുറേക്കൂടി ചുകന്നു.

കുട്ടി ചിരിച്ചും ചാഞ്ചാടിയും മിസ്സിസ്സ് നായരുടെ മടിയിൽക്കൂടി. “അവർക്കെന്താണ്! തങ്ങളെ ലാളിക്കുന്നവർ സ്വന്തം ആളുകളായി അന്യത്വമില്ല, വിദ്വേഷമില്ല, പകയില്ല!” മിസ്സിസ്സ് നായർ പറഞ്ഞു. ശരിയാണ്. എന്നിട്ടും തങ്ങൾക്ക് ഇരതേടാറാവുന്നതുവരേയ്ക്കുള്ള രക്ഷാകർതൃത്വം ഏതു കുരുവിക്കുഞ്ഞും സ്വന്തം തള്ളയിലും തന്തയിലും കണ്ടുപിടിക്കുന്നു. സ്വർഗ്ഗത്തിന്റെ നിഷ്ക്കളങ്കതയുമായി ഇങ്ങോട്ട് പോരുന്ന കൊച്ചാത്മക്കൾ സ്വയം തെരഞ്ഞെടുക്കുന്ന ട്രസ്റ്റിമാരാണ് മാതാപിതാക്കൾ. അതേ വെറും ട്രസ്റ്റിമാർ. അവരാകട്ടെ, മനുഷ്യനും മൃഗവും പക്ഷിയും എല്ലാ ജീവജാലങ്ങളും ആകുന്ന ട്രസ്റ്റിമാരാകട്ടെ, സ്വന്തം കുഞ്ഞുങ്ങളാകുന്ന ന്യാസത്തിന്നു വേണ്ടി വിശ്വസ്തതയോടെ ഭയങ്കരമായി പോരാടുകയും ചെയ്യുന്നു. റേഡിയോവിൽക്കൂടെ മധുരമധുരമായി ഒഴുകിവരുന്ന സംഗീതതരംഗിണിയിൽ മുഴുവനുമായി മുഴുകുവാൻ രസജ്ഞരായ ആ ചെറുപ്പക്കാർക്കു കഴിഞ്ഞില്ല; അവരുടെ ഓമനയുടെ രക്ഷാകർതൃത്വം തൽക്കാലത്തേക്കെങ്കിലും താസിൽദാരുടെ ഗ്രേഡിൽ കുറയാത്ത ഒരു ഗവൺമെന്റുദ്യോഗസ്ഥനും ഭാര്യയും ഏറ്റെടുത്തിട്ടുപോലും!

പൊലീസ് സ്റ്റേഷന്നുമുന്നിൽ ഒരു സ്ത്രീ നിൽക്കുന്നുണ്ട്; അവളുടെ കണ്ണുകൾ നനഞ്ഞിരുന്നു. അവൾ ഒരു വേലക്കാരിയാവാം; അല്ലാ അതിലും മോശം ഒരു പിച്ചക്കാരി അവൾ ഇടക്കിടയ്ക്ക് ആ കൊച്ചുകുഡുംബത്തിന്റെ നേർക്ക് തന്റെ വിറയ്ക്കുന്ന പാപബോധമുള്ള കൺകൾ നീട്ടിയിരുന്നു സുകുമാരൻ അവളെ കണ്ടു; അയാളുടെ മുഖം പെട്ടെന്നു കറുത്തു. അയാൾ സ്വതവേ ദയാലുവാണ്!

മനുഷ്യൻ സ്വർഗം ചമയ്ക്കുന്നതിൽ ഈശ്വരന്മാർ എപ്പോഴും അസൂയാലുക്കളാണ്. പ്രേമബദ്ധരായ ദമ്പതിമാർ, വാത്സല്യസാരമായ ഒരു കൊച്ചോമന, തങ്ങളെപ്പററി തികച്ചും മതിപ്പുള്ള അന്തസ്സുള്ള സ്നേഹിതന്മാർ, തെളിഞ്ഞ അന്തരീക്ഷം, മധുരമായ സംഗീതം; ആത്മീയമായ വിശപ്പടക്കാൻ അടുത്തു തയാറായിവരുന്ന ഗുരുപദേശത്തെപ്പററി സുവിശ്വസ്തമായ പ്രതീക്ഷ;

ഇതിനെല്ലാമിടയ്ക്ക് ദുഃഖത്തേയും ദുരിതത്തേയും വലിച്ചിഴക്കുന്ന ഇത്തരം അളിഞ്ഞ ചിത്രങ്ങളെ പ്രദർശിപ്പിക്കുന്ന അന്തസ്സാരശൂന്യമായ പ്രവൃത്തിയിൽ ഈശ്വരന്മാർക്കും വേണം ഒട്ടൊക്കെ ഒരു ലജ്ജാബോധം!

സുകുമാർ റിസ്റ്റ്‌വാച്ചിൽനോക്കി. "ഹൗ, ഇനിയും ഇരുപതുമിനുട്ട്, അപ്പോഴേയ്ക്കും ഈ കൊങ്ങൻപാട്ട് എന്നെ ഭ്രാന്തുപിടിപ്പിക്കും!"

ലീല കൊഞ്ചിക്കൊണ്ടു പറഞ്ഞു. "എ! നല്ല പാട്ടല്ലെ? ചെമ്പെയ് ഭാഗവതരും പാർട്ടിയുമാണ്. നിങ്ങൾക്കെന്താ പാട്ടിനോട് ഒരു വിരോധം?"

ഒരു വിരോധവും ഉണ്ടായിട്ടല്ല. പാട്ടുകേട്ടാൽ ഭ്രാന്തു പിടിക്കും എന്നു പറയണം. അതാണ് ഇപ്പോഴത്തെ ഫാഷൻ!

"കേട്ടോളൂ! എത്രയെങ്കിലും കേട്ടോളൂ. ഒടുക്കം അതൊക്കെ രണ്ടാമതൊന്നു പാടാഞ്ഞാൽ മതി." അയാൾ എഴുന്നേററു, മടമ്പുകുത്തി ഒന്നു തിരിഞ്ഞു. "സ്വാമിജിയുടെ പ്രസംഗമാവുമ്പോഴേയ്ക്ക് നമുക്കൊന്നു നടന്നുവരാം."

"എനിക്കു പാട്ടുകേൾക്കണം. നിങ്ങൾകൂടി കേൾക്കുകയും വേണം. ഇവിടെ ഇരിക്കൂ. ഇത് പടക്കുതിരയുടെ ജന്മംപോലെ. നടത്തം, നടത്തം, നടത്തം!"

"നീ വേണമെങ്കിൽ കുണുങ്ങിക്കുണുങ്ങിക്കൊണ്ടുതന്നെ നടന്നോ."

ഇരുന്ന ഇരുപ്പിൽത്തന്നെ ഏന്തിവലിഞ്ഞ് സുകുമാരന്റെ കൈപിടിച്ച് അടുത്തിരുത്തുകയായിരുന്നു ലീലയുടെ മറുപടി. സുകുമാരന് രസിച്ചു; പക്ഷേ, ഉന്മേഷരഹിതമായിരുന്നു അയാളുടെ മുഖം.

സ്റ്റേഷന്നു മുന്നിൽ നിന്ന സ്ത്രീ ഒരു പൊലീസ് സിൽബന്തിയോട് എന്തോ സംസാരിച്ചു. അയാളുടെ ഉത്തരം സുകുമാരൻ കേട്ടു. "നെന്റെ ചെക്കൻതന്നെ ആയിരിക്കും കട്ടത്. ഒരു പെന്നാണ്. കുറച്ചു മുമ്പേ ഇങ്ങോട്ടു കേറീട്ടേ ഉള്ളൂ. പത്തുവയസ്സോ? നന്ന്. അപ്പോഴേയ്ക്കും ഉരുത്തിരിഞ്ഞ ഒരു കള്ളൻ!"

"അയ്യോ ഓൻ കക്കില്ല." തള്ള വിക്കി. "പിന്നെ!" ആ സിൽബന്തി അദ്ഭുതപ്പെട്ടു. "പിന്നെ പൊലീസുകാരാ കട്ടത്!" ഒരു ഫലിതം പറഞ്ഞ ചാരിതാർത്ഥ്യത്തോടെ അയാൾ അകത്തേയ്ക്കു കയറിപ്പോയി.

ലീല ചെമ്പെയ് വൈദ്യനാഥ ഭാഗവതരുടെ മധുരകണ്ഠത്താൽ ആകൃഷ്ടയായിരിക്കയാണ്. തന്നെപ്പോലെ മറ്റൊരു മാതാവ് അപ്പുറത്തു തുടങ്ങിയ വിഷാദഗീതിയൊന്നും അവളുടെ ചെവികളിൽ വീണില്ല. താസിൽദാർക്കും ഭാര്യയ്ക്കും ആ കൊച്ചോമനയുടെ കൊഞ്ചൽ കേൾക്കാൻ തന്നെ ചെവി പോര. പക്ഷേ, സുകുമാരന്റെ ശ്രദ്ധ മുഴുവൻ ആ പാവത്തിൽ പതിഞ്ഞു. അയാൾ ദയാലുവാണ്.

എന്തായാലും, താനാസംഭാഷണം ശ്രദ്ധിക്കുന്നതായി ആരും മനസ്സിലാക്കരുതെന്നുണ്ടായിരുന്നു അയാൾക്ക്. ആ സ്ത്രീ ദയനീയങ്ങളായ നോട്ടങ്ങളെ അയാളുടെ നേർക്ക് തിരിക്കുമ്പോഴെല്ലാം സശ്രദ്ധം അയാൾ മറ്റെന്തോ നോക്കിക്കൊണ്ടിരുന്നു. ഒരിക്കൽ മാത്രം അതു തരപ്പെട്ടില്ല. അയാൾ അത്രയും വിചാരശൂന്യമായി അവളെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അതവളെ ആശ്വസിപ്പിച്ചതായി തോന്നി.

സുകുമാരന്ന് ആ സ്ത്രീയെ അറിയാം, പക്ഷേ, മറ്റാരേക്കാളും ഏററവുമധികം അയാൾ അതോർമിക്കത്തക്കവണ്ണം ഹൃദയമുള്ള ഒരാളാണ്. അവളെ കണ്ടെത്തുന്ന ഓരോ തവണയും അയാൾ ജീവിതത്തിൽ ഒരേ ഒരു തവണയുണ്ടായ ആ സംഭവത്തെ മുഴുവൻ ഓർമിപ്പിക്കും. പാഠമാല പഠിച്ചുചെല്ലുന്ന ഒരു മിടുക്കൻ കുട്ടിയെപ്പോലെ അയാളുടെ മനസ്സ് ഒന്നും വിടാതെ വഴിക്കുവഴി മുൻപിലെടുത്തു നിരത്തുകയും ചെയ്യും.

പഠിപ്പ് കഴിഞ്ഞ കാലം. വിവാഹാലോചന തുടങ്ങീട്ടേ ഇല്ല. ഏതുദ്യോഗത്തിൽ പ്രവേശിക്കണമെന്നു തീർച്ചപ്പെട്ടിട്ടില്ല. രാപ്പകൽ വിശ്രമം, മനോരാജ്യത്തിൽ ചക്രവർത്തി. പകലുറക്കം, കോട്ടുവായ, കുഴിമടി; അങ്ങിനെയൊരു കാലം. പാറുക്കുട്ടി വീട്ടിലെ പണിക്കാരിയാണ്. യൗവനം മുറ്റിനിൽക്കുന്ന മാറ്. മധുരമായ പുഞ്ചിരി. ശ്രീത്വമുള്ള മുഖം. ഒന്നു ധൈര്യപ്പെടുത്തുമാറുള്ള ആ എന്തോ ഒരു മട്ട്. അവൾ രാവിലെ വരുന്നു, വൈകുന്നേരം പോകുന്നു. പലപ്പോഴും കൈവിറച്ചു. അതൊന്നു നീട്ടിയാൽ മതി. അതേ, ആ മുഖത്ത് ഒരു അനുകൂലഭാവമുണ്ട്. എന്നിട്ടും ഒരു സങ്കോചം. അഭിനിവേശം ശക്തിപ്പെട്ടു. അതയാളെ സ്വൈരംകെടുത്തി. സന്ദർഭങ്ങൾ പലതും അടുത്തു, അകന്നു. അഭിനിവേശം ഒരു കൊടുങ്കാറ്റായി. വായനമുറി. താൻ അസ്വസ്ഥനായിരിക്കുന്നു. അവളിപ്പോൾ എത്തും. അതേ, കാൽപ്പെരുമാറ്റം കേട്ടു. അയാൾ നീങ്ങിയില്ല. അവൾ അകത്തെത്തി. അയാളുടെ കൈകൾ നീണ്ടു.

പിന്നീട് സുകുമാരൻ അവളുടെ മുഖത്തു നോക്കാറില്ല. അയാൾക്ക് എന്തായാലും കഥയുണ്ട്. താനും പാറുക്കുട്ടിയും തികച്ചും രണ്ടു ചേരിയിലാണെന്ന് മറക്കത്തക്ക വിവേകശൂന്യത അയാൾക്കില്ല. പാറുക്കുട്ടിക്കും ഈ സംഗതി അറിയാം. അവൾ ഒട്ടുമധികം സ്വാതന്ത്ര്യം കാണിച്ചില്ല. കഷ്ടിച്ചു ഒരുമാസം കഴിഞ്ഞപ്പോൾ, പല്ലുതേക്കാൻ ഉമിക്കരിയും വെള്ളവും കൊണ്ടുവന്നു വെച്ച് അവളവിടെ ചുറ്റിപ്പറ്റി നിന്നു. അടുത്ത് ആരുമില്ല. എന്നിട്ട് ഒരുവാക്ക്: "പറ്റിച്ചു" അവൾ

സ്വന്തം അടിവയറ്റിലേക്ക് നോക്കി. സുകുമാരന് കാലിന്മേൽ ഒരു ചേര ഇഴഞ്ഞു കയറുന്നതുപോലെ തോന്നി. അയാൾ ഒരക്ഷരം മിണ്ടിയില്ല.

പാറുക്കുട്ടി ക്രമേണ അകന്നകന്നുപോയി. അവൾ വീട്ടിലെ വേല നിർത്തി. ആ സംഭവം ഇന്നും സ്വകാര്യമാണ്. അത് രണ്ടാൾക്കേ അറിഞ്ഞുകൂടു. തനിക്കും പാറുക്കുട്ടിക്കും.

താസിൽദാരുടെ മടിയിലിരുന്നു ഓമനയ്ക്കു മടുത്തു. അവൻ കുറേശ്ശെ ചുണ്ടു നീട്ടാൻതുടങ്ങി. “അതിനെ ഇങ്ങോട്ടെടുത്തോളൂ.” സുകുമാരൻ ആജ്ഞാപിക്കപ്പെട്ടു. സങ്കല്പങ്ങളിൽനിന്ന് കൺമറയാതെ അയാൾ കുട്ടിയെ എടുത്ത്, മടിയിൽവച്ചു. അയാൾ അതിനെ ചുംബിച്ചില്ല! ലീലയ്ക്കു മടുത്തു. ആ താസിൽദാർ എത്ര നല്ലവനാണ്. സ്വന്തം കുട്ടികളെ ഇങ്ങിനെ ഒരു സാധനംപോലെ എടുത്തു മടിയിൽ വെയ്ക്കുന്ന അച്ഛന്മാരെപ്പററി എന്തു പറയാനാണ്! അവൾ കുഞ്ഞിനെ വാങ്ങി; അതിന്റെ രണ്ടു കവിളിലും ഉമ്മവെച്ചു.

സുകുമാരന്റെ മനസ്സ് വീണ്ടും അതിന്റെ പാഠമാല ഉരുവിട്ടു.

സമുദായത്തിന്റെ മുൻപിൽ വാതിലും ചാരിയിട്ട് അവർ ഒരു നിമിഷം കഴിച്ചു. എന്നിട്ടു രണ്ടാളും രണ്ടുവഴിക്ക് നടന്നു. താൻ ഉയർന്നുയർന്നു അഭ്യുദയത്തിന്റെ കൊടുമുടിയിലേക്ക്, അവൾ താണുതാണ് സർതോനാശത്തിന്റെ തിരയടിയിലേക്ക്! ഓരോ പതനത്തിലും അവർ പരസ്പരം നോക്കിക്കണ്ടു. ഓരോ തവണയും അധികമധികം ദൂരപ്പെട്ടുകൊണ്ട്! ആ ഒരു നിമിഷമോ? ആ രണ്ടാളും വിസ്മൃതിയിലേക്ക് തള്ളാൻ കൊതിച്ച ആ ദുർഭഗനിമിഷത്തെ വിധി കടന്നെടുത്തു. എന്നിട്ടു ഉലത്തിയും ചെളിവെള്ളവും ചേർത്ത് സ്വന്തം പെരുകൂടംകൊണ്ട് അതിനെ വക്രവും വിരൂപവുമായി തച്ചുനീട്ടി. ഏതുവരെ? അതാ, ആ പൊലീസ് സ്റ്റേഷനിലോളം! അവിടെ അയാളുടെ മനസ്സ് ഇതിന്നുമുൻപ് അനുഭവിക്കാത്ത അത്രയും പച്ചയായ ഒരു ദുർവേദനയനുഭവിച്ചു.

ഈയൊരു നില വരാതിരിക്കാൻ പല പരിപാടിയും അയാൾ ആലോചിച്ചിട്ടുണ്ട്; പ്രവൃത്തിച്ചിട്ടുമുണ്ട്. താൻ ഒരു മാന്യനാണെന്നു പറഞ്ഞുനടക്കുമ്പോഴൊക്കെയും ഹൃദയം ഓരോ പെരുംനിലവിളി വിളിച്ചിരുന്നു. അപ്പോഴൊക്കെ കൈയിലുള്ളതെന്തോ അത് അയാളാത്തള്ളക്ക് എറിഞ്ഞുകൊടുത്തുവന്നു. ഒന്നുമാത്രം ശ്രദ്ധിച്ച്; അത് സ്വകാര്യമായിരിപ്പാൻ. പാറുക്കുട്ടിയെ അയാൾ ഭയപ്പെട്ടു; വെറുത്തു; എങ്കിലും എന്തിലുമുപരിയായി അവളെ ബഹുമാനിച്ചു; അവൾ വിശ്വസ്തതയോടെ ആ ഒരു രഹസ്യത്തെ സംരക്ഷിച്ചതിന്ന്.

ഇതൊക്കെയല്ലാതെ പ്രായോഗികമായ മറ്റൊരു വഴിയില്ല. മറ്റെന്തും ആപൽക്കരമാണ്. തനിക്കവരെ അവകാശപ്പെട്ടുകൂടാ. കാരണം തങ്ങൾ വ്യത്യസ്തമായ രണ്ടു ചേരിയിലാണ്. എന്നിട്ടും താൻ ഹൃദയാലുവായതുകൊണ്ട് ഇന്നുമവരെ ഓർമിക്കുന്നു, കൈയിലുള്ളത് എറിഞ്ഞുകൊടുക്കുന്നു. ഇപ്പോഴാകട്ടെ, അവരെ ഏറ്റെടുക്കുക എന്നത് ഒട്ടുംതന്നെ സ്വന്തം കാര്യമല്ലാതായിക്കഴിഞ്ഞു.

അയാൾ സ്റ്റേഷനു നേരെ നോക്കി. അതിന്റെ മുന്നിൽ അപ്പോഴും ആ യാചകി നിൽക്കുന്നു. അവൾ കുറേക്കൂടി അസ്വസ്ഥയും കലുഷിതയുമായിട്ടുണ്ട്. അകത്തുനിന്നു ക്രൂരസ്വരത്തിലുള്ള ചില ചോദ്യങ്ങളും ദയനീയമായ മറുപടികളും വ്യക്തമല്ലാതെ കേൾക്കുന്നുണ്ട്. താണ മഞ്ഞവെയിൽ സ്റ്റേഷന്റെ ചുകന്ന ചുമരുകളിൽനിന്നു മെല്ലെമെല്ലെ വറ്റിയിരുന്നു. പെട്ടെന്ന്, ഉള്ളിൽനിന്ന് ഉറക്കെയൊരു ശബ്ദം, ഒരടി; ഒരു നിലവിളി. ഒരു കിളിയുടെ ശബ്ദംപോലെ മൃദുലമാണ്. പത്തു വയസ്സായ ഒരിളം തൊണ്ടയിൽനിന്നാണത്. സുകുമാരന്റെ ചെകിടടച്ചു. അയാൾ എഴുന്നേറ്റു. ആ യാചകി പൊട്ടിക്കരഞ്ഞു. “അതിനെ കൊല്ലല്ലേ എജമാനനേ, ഓൻ കക്കില്ല” അവൾ തേങ്ങിത്തേങ്ങിക്കരഞ്ഞു. അതോടുകൂടി അവൾ സുകുമാരന്റെ നേർക്ക് ആയിരം അഭ്യർത്ഥനകളുള്ള ആ തുറന്ന മിഴികളെ പായിച്ചു.

അവളിൽ ഒരു പ്രത്യാശ ഇപ്പോഴു് തങ്ങിനിൽക്കുന്നുവെന്നു തോന്നി. രണ്ടാളും യൗവനത്തള്ളലിൽ വെച്ചുചെയ്ത ഒരകൃത്യത്തിൽ, ഉയർന്നുയർന്നു പോകാനുള്ള ആ ഒരാളെ അവൾ മഹാമനസ്കതയോടെ ഒഴിവാക്കുകയാണ് ഉണ്ടായത്. “എനിക്ക് എത്രയായാലും ഇത്രയൊക്കെയേ ഉള്ളൂവെന്നുണ്ട്; എന്തിന്ന് എത്രയെങ്കിലും ഉന്നതിയിലേക്കുപോകുന്ന ആ ഒരാളെ ചീത്തപ്പെടുത്തുന്നു.” അവൾ സ്തുത്യർഹമായവിധം വിട്ടുവീഴ്ചചെയ്തു. അവൾ സ്നേഹിച്ചു.

എങ്കിലും ഈ എല്ലാ ഒഴിഞ്ഞുമാറലിലും അവളിൽ വാടാതെ ഒരു പ്രത്യാശ നീണ്ടുനിന്നു. “ഞങ്ങളെ തീരെ കൈവെടിയില്ല.” ഹാ, പാവപ്പെട്ട ആത്മാക്കളെ, മരുഭൂമിയിൽപ്പോലും നിങ്ങൾ വെള്ളത്തെപ്പററിയുള്ള സങ്കല്പത്തിന്മേൽ ജീവിച്ചുകൊണ്ടിരിക്കുന്നു. അവളുടെ പ്രത്യാശപൂർണങ്ങളായ കരയുന്ന കണ്ണുകൾ ഒരിക്കൽക്കൂടി അയാളുടെ നേർക്ക് പതിഞ്ഞു.

സുകുമാരൻ ആകെ തകർന്നു. അവർ അവനെ അടിച്ചു. പത്തുവയസ്സിൽ കവിയാത്ത ആ ഇളം കവിളിലാവണം ആ അടി വീണത്. നേരാംവണ്ണമാണെങ്കിൽ താൻ തുടച്ചുമിനുപ്പിച്ച് ഇടയ്ക്കൊരുമ്മ കൊടുക്കേണ്ടതായ ആ കവിളിൽ. പക്ഷേ, അതിപ്പോൾ ഉണങ്ങിക്കരുവാളിച്ചതാണ്: എന്തുകൊണ്ട്! അവന്റെ പിതാവ് അതങ്ങിനെയാവാൻ വിട്ടതുകൊണ്ട്! ആ അടികൊണ്ട് മുഴുവൻ കുരുത്തുകഴിഞ്ഞിട്ടില്ലാത്ത ആ ഇളംപല്ലുകളിൽ ഒന്നുരണ്ടെണ്ണം ഇളകി ചോരയോടുകൂടി തുപ്പിപ്പോകുന്നുവെന്ന് അയാളുടെ മനസ്സ് കണ്ടു. ആ കൂരച്ച നെഞ്ച് ഒരൊലോക്കുപോലെ ഉയർന്നുതാണ് അവൻ തേങ്ങുന്നതും അയാൾക്ക് അനുഭവപ്പെട്ടു. ഹൃദയം ഇടയ്ക്കിടയ്ക്ക് ചോദിച്ചു. “അവനാര്!”

സ്റ്റേഷനിൽ കയറിച്ചെന്ന് അവനെ മർദ്ദിക്കുന്ന ആ പൊലീസുകാരനെ പിടലിക്കൊന്നുകൊടുത്തു പിടിച്ചുമാററിയാൽ–! എന്തൊരു ചെകുത്താന്മാരാണ് ഈ കൂട്ടർ! അവറ്റയ്ക്കു മക്കളില്ലേ? പക്ഷേ... പക്ഷേ... പൊലീസുകാരന് സത്യം അറിയണം. ചായവാങ്ങിക്കൊടുത്താൽ ഒരു കള്ളച്ചെറുക്കൻ സത്യം പറയില്ല. കുറച്ചൊന്നു വേദനപ്പെടുത്തേണ്ടിവരും. സത്യം പറഞ്ഞാൽ വിട്ടയയ്ക്കുകയും ചെയ്യും. മറിച്ചു, താനങ്ങോട്ടു കേറിയാൽ... കാര്യമൊക്കെ മാറി. ഈ മാറാപ്പുംപേറി നടക്കാൻ കൊള്ളില്ല. താൻ അന്തസ്സും അധികാരവുമുള്ള വർഗത്തിൽപെട്ട ആ ചെക്കനോട് തനിക്കുള്ള മമത തന്റെ വ്യക്തിഗതമായ കാര്യമാണ്. അതുകൊണ്ട്, ഒരു ജഡ്ജിയാവാൻ പോകുന്ന താൻ, ഒരു ചീഫ് ജസ്റ്റീസിന്റെയും അത്തരം മുന്നൂറു കൂട്ടരുടേയും അടുത്ത ബന്ധുവായ താൻ തന്റെ സ്വന്തം കാര്യത്തിന്നുവേണ്ടി തന്റെ വർഗത്തിന്റെ സർവസ്വത്തെയും ഒററിക്കൊടുക്കാൻ പാടില്ല.

അയാൾ നീതിന്യായത്തിന്റെ നിലവാരം ഒരിക്കൽക്കൂടി നോക്കിക്കണ്ടു.

ഒരു വേലക്കാരിയും ഒരു ചീഫ്ജസ്റ്റീസിന്റെ മകളും പരസ്പരമറിയാതെ പത്തുകൊല്ലത്തെ ദൈർഘ്യമുള്ള സ്വന്തം ജീവിതദണ്ഡത്തിന്റെ രണ്ടററംപിടിച്ച് കൂട്ടിത്തൊട്ടുപോയിട്ടുണ്ട്. അത് അയിത്തമാണ്, പാപമാണ്. പക്ഷേ, ആ പാപം തന്റെ സ്വന്തമാണ്. താൻ തനിച്ച് അനുഭവിക്കേണ്ടതാണ്. നിശ്ശബ്ദവും നിശുദ്ധവുമായ ആ ഉഗ്രവേദനയിൽ അനുനിമിഷം നീറുകമാത്രാണ് പ്രായശ്ചിത്തം.

അതുകൊണ്ട്, താനങ്ങോട്ടു കയറിച്ചെന്നാൽ... കാര്യമൊക്കെ മാറി. ഈ മാറാപ്പും പേറിനടക്കാൻ കൊള്ളില്ല. അതിനല്ലാ താനിതേവരെ ഈ യാതനയൊക്കെ അനുഭവിച്ചത്. തനിക്കുള്ള സർവസ്വത്തേയും ഒട്ടാകെ വലിച്ചു ഒരു കാനയിലേക്ക് എറിയാൻ വയ്യ! അതുകൊണ്ട് ആ ചെക്കന് യാതൊരു രക്ഷയുമില്ല. പത്തുവയസ്സുവരെ കിലാടിനടന്ന ഒരു ചെക്കൻ ഇനി നേരെയാവാൻ പോകുന്നില്ല.

എങ്കിലും താനിതിന്നു സാക്ഷി നിൽക്കണമെന്നില്ല. “പോകൂ, കടന്നുപോകൂ.” മനസ്സലറി. ഓമനക്കുട്ടൻ ലീലയുടെ മടയിൽനിന്ന് കിഴിഞ്ഞിറങ്ങി ആ പുൽപ്പരപ്പിലിരുന്നു കളിക്കുന്നു. അവന്റെ കൈയിൽ താസിൽദാർ വാങ്ങിക്കൊടുത്ത ചായം കേറ്റിയ ഒരു കിലുക്കുണ്ട്. അദ്ദേഹം ഒരു ചുരുട്ടുവലിക്കുകയും ഇടയ്ക്കിടെ ലീലയുടെ താരുണ്യതരളമായ വിലാസത്തെ നോക്കി രസിക്കുകയുമാണ്.

മിസ്സിസ് നായർ പാട്ടിൽ മുഴുകിയിരിക്കുന്നു.

സുകുമാരൻ കുട്ടിയെ എടുത്തു. അതിന്റെ തുടുത്ത കവിളിൽ തലോടിക്കൊടുത്തു. അയാളുടെ കണ്ണുകൾ നിറഞ്ഞിരുന്നു. തൂവാലയെടുത്ത് അയാൾ മുഖം തുടച്ചു.

“ലീലേ, നമുക്ക് പോവുക. എഴുന്നേൽക്കൂ.”

ഭാര്യ അതു കേട്ടതെ ഇല്ല. അവൾ ഒരു രാഗാലാപനത്തിൽ മുഴുകി ഇരിക്കുകയാണ്.” ആ സംഗീതജ്ഞ ഭൂമിയിലേ അല്ല. രാഗതരംഗങ്ങളിൽ ഒഴുകി അതിന്റെ ആരോഹണവേളയിൽ അവളുടെ മനസ്സ് ആനന്ദൈകമയമായ ഏതോ ദിവ്യലോകത്തിലെത്തി അപ്പോഴും ഉയർന്നുകൊണ്ടിരിക്കുകയാണ്. ഹാ, അനുഗൃഹീതമായ സംഗീതം! അത്രയും അനുഗൃഹീതമായ സഹൃദയത്വം!

സുകുമാരൻ അവളെ പിടിച്ചുകുലുക്കി.

“ലീലേ, നമുക്കു പോവുക. എഴുന്നേൽക്കൂ.”

അതവളെ തികച്ചും ശുണ്ടി പിടിപ്പിച്ചു. ഇതെന്തൊരു കാട്ടുപോത്താണ്!

“ഈശ്വരനെയോർത്ത്, കുറച്ചുകൂടി ക്ഷമിക്കൂ. എനിക്കദ്ഭുതം തോന്നുന്നു, നിങ്ങൾ ശ്രദ്ധിച്ചില്ല. എന്തൊരു ഗാനം!”

അവൾ വീണ്ടും ആ രാഗപ്രവാഹത്തിൽ മുഴുകി.

സ്റ്റേഷന്റെ ഉള്ളിൽനിന്നു ചീറ്റലുകളും തേങ്ങലുകളും വന്നുകൊണ്ടിരുന്നു.

“എന്ത്, പറയില്ലേ!” ഒരു രാക്ഷസഗർജനം.

“അയ്യോ, എടുത്തില്യ... ഏമാന്നേ... അമ്മേ... അയ്യോ...!”

അയാൾ തരിച്ചു. അയാൾ അങ്ങോട്ടുമിങ്ങോട്ടും വാത്തി. എല്ലാ ഓർമകളും വിട്ടുമാറി. അതൊരബോധാവസ്ഥയാണ്. താൻ മോഹാലസ്യപ്പെടാൻ പോകുന്നു. കണ്ണുമങ്ങീട്ടുണ്ട്. ആ മൈതാനപ്പരപ്പത്രയും കുറെ വെളുത്ത നിഴലുകൾ മാത്രം. അവ നീങ്ങുന്നുണ്ടോ? ചുറ്റിത്തിരിയുകയാണ്.

അയാളുടെ കൈയിൽനിന്ന് ചാഞ്ചാടിക്കളിച്ച കുട്ടി താഴെ വീണു. അയാൾക്കതിനെ എടുക്കാൻ കഴിഞ്ഞില്ല. കുട്ടിയുടെ കരച്ചിൽ കേൾക്കുന്നുണ്ട്. ഒന്നും കാണുന്നില്ല.

മി. നായർ കുട്ടിയെ എടുത്തു. പൊടിതുടച്ചു. അതിനെ വീണ്ടും വീണ്ടും ചുംബിച്ചു. കരച്ചിൽ മാറ്റി സ്വന്തം ഭാര്യയുടെ കൈയിൽകൊടുത്തു. ലീല ചോദിച്ചു: “എന്തേ നിങ്ങൾക്ക്!”

സുകുമാരൻ ഉണർന്നു. അയാൾ കൽബഞ്ചിന്മേലിരുന്നു.

“കുട്ടികളെ ഇങ്ങനെ അശ്രദ്ധമായി എടുക്കരുത്.” മി. നായർ ഉപദേശിച്ചു.

“പാവം അച്ഛൻ തള്ളിയിട്ടോ, ഓമനേ?” മിസ്സിസ്സ് നായരുടെ സ്വരത്തിൽ ഒരച്ഛന്റെ നേർക്ക് അയാളുടെ ചുമതലാശൂന്യതയെപ്പററിയുള്ള എല്ലാ കഠിനാക്ഷേപങ്ങളും ഗർജിതമായിരുന്നു.

സ്റ്റേഷനിൽ വീണ്ടും ഒരടി. കഴുത്തുപിടിച്ചു തിരിക്കുന്ന ഒരു ആട്ടിൻകുട്ടിയുടെ പ്രാണരോദനം പോലെ ഒരു ശബ്ദം. അയാൾ ചാടിയെഴുന്നേററു. പാറുക്കുട്ടി അയാളുടെ നേർക്ക് വരുന്നു. അവൾ രണ്ടടിനടന്നു കാൽകുഴഞ്ഞുവീണു. അവൾ ഉറക്കെ നിലവിളിച്ചു. “അയ്യോ! ആരെങ്കിലും

ഒന്നതിനെ രക്ഷിക്കണെ! അവർ അതിനെ തീർക്കും!" അവൾ സുകുമാരനെത്തന്നെ തുറിച്ചു നോക്കിയിരുന്നു.

എല്ലാ വിചാരഗതിയും വറ്റി. സുകുമാരൻ സ്റ്റേഷന്നു നേരെ നടന്നു. അല്ല, പിടലിക്കു പിടിച്ചുന്തിയതായി അയാൾക്കു തോന്നി.

ഭർത്താവു മുഷിഞ്ഞു മുഷിഞ്ഞു ഒടുവിൽ കുപിതനായി എന്നു ലീലയ്ക്കു തോന്നി. അവൾ കുട്ടിയേയും എടുത്തു പിന്നാലെ ചെന്നു. അയാളുടെ കൈക്കുപിടിച്ചു. "അല്ലാ, സ്വാമിജിയുടെ ബ്രോഡ്കാസ്റ്റും കേൾക്കണ്ടേ? അതു തുടങ്ങി."

സുകുമാരൻ ശ്രദ്ധിച്ചു. തന്റെ ആത്മീയ ഗുരുവിന്റെ കണ്ഠസ്വരം. ആ തപോവൃദ്ധൻ, താനാർജിച്ച ആത്മീയധനത്തെ വിണ്ടുകീറിയ മനുഷ്യഹൃദയങ്ങളിലേക്കു തേൻപോലെ തൂകുകയാണ്.

സുകുമാരൻ നിന്നു. അയാൾക്ക് ബോധം വന്നു. അയാൾ ലീലയേയും കുഞ്ഞിനേയും നോക്കിക്കണ്ടു. അതേ, ഈ രണ്ടാത്മാക്കളെ, നിഷ്കളങ്കരും നിരപരാധികളുമായ ഈ രണ്ടാത്മാക്കളെ സ്വന്തം വ്യക്തിഗതമായ പാപത്തിന്റെ പേരിൽ താൻ വളക്കുഴിയിലേക്കു തള്ളാൻ പോകുകയാണ്!

വയ്യ! വയ്യ!

താസിൽദാരും ഭാര്യയും അടുത്തുവന്നു. അവർക്കും ഒരു പന്തികേടു തോന്നിയിട്ടുണ്ടായിരിക്കണം. "മി. സുകുമാർ, സ്വാമിജിയുടെ പ്രസംഗം തുടങ്ങിയല്ലോ, നിങ്ങളുടെ ഗുരുനാഥനല്ലേ?"

സുകുമാരന്ന് ആ താസിൽദാരെ കൊല്ലണമെന്നു തോന്നി.

സ്വാമിജിയുടെ പ്രസംഗം ഉച്ചഭാഷിണിയിലൂടെ അലറിവരുന്നു.

"മനുഷ്യൻ അമർത്ത്യനാണ്. ഭൗതികമായ അർത്ഥത്തിലും അയാൾ മരിക്കുന്നില്ല...!"

സ്റേറഷനിൽനിന്നു വീണ്ടും ഉറക്കെ നിലവിളി. പ്രാണപ്പിടച്ചിൽ. അവർ ആ ജന്തുവിനെ തീർക്കും!

"നിങ്ങൾക്ക് സുഖമില്ല. നിങ്ങൾക്ക് പനിക്കുന്നുണ്ട്! ലീല പറഞ്ഞു.

മി. നായർ സുകുമാരന്റെ കൈ സ്പർശിച്ചു. "ശരിയാണ്. നിങ്ങൾക്ക് പനിയുണ്ട്."

മിസ്സിസ്സ് നായർ അമ്പരന്നു. "നോക്കൂ അദ്ദേഹത്തിന്റെ കണ്ണെങ്ങിനെ ചുകന്നിരിക്കുന്നു!"

ലീലയുടെ കണ്ണുകൾ നിറഞ്ഞു. സുകുമാരൻ അവളെ നോക്കി.

ഈ രണ്ടാത്മക്കളെ അന്തസ്സിൽ ജനിച്ച് അന്തസ്സിൽ വളർന്ന് തന്നെ മുഴുവനുമായി അവലംബിച്ചിട്ടുള്ള ഈ രണ്ടാത്മാക്കളെ ഇവിടെവെച്ച്, ഈ മാന്യന്മാരുടെ മുൻപിൽ വെച്ച് തന്റെ ചീഞ്ഞ ദുഷ്കർമത്തിന്റെ കാനയിലേക്ക് ഒരു ഒരു തള്ളു തള്ളുകയോ? അയാൾ മന്ത്രിച്ചു: "വയ്യ, വയ്യ!"

അയാൾ ഒരു നിഴൽ പോലെ റോഡിലേക്കു തിരിഞ്ഞു. സ്വാമിജിയുടെ സ്വരം കാതുകളിൽ വീണുകൊണ്ടിരുന്നു. "മനുഷ്യൻ അവന്റെ പരമ്പരയിലൂടെ ജീവിക്കുന്നു. നിങ്ങളെത്തുടർന്നു നിങ്ങളുടെ മകൻ. നിങ്ങൾതന്നെയാണ് നിങ്ങളുടെ മകൻ. അവനാണ് നിങ്ങളെ നിലനിർത്തുവാൻ..."

ആ സ്റ്റേഷനിൽനിന്നുയർന്ന ആട്ടിൻകുഞ്ഞിന്റെ പ്രാണരോദനം! അതാണ് തന്നെ നിലനിർത്തുവാൻ! സുകുമാരൻ മി. നായരുടെ കൈപിടിച്ചു വീഴാതെ നടന്നു.

"നിങ്ങൾക്ക് നടക്കാൻ കഴിയില്ല. നിങ്ങൾക്ക് ഈ റോഡിലൂടെ നടക്കാനാവില്ല. നമ്മൾക്കൊന്നും ഇത്തരം ബഹളത്തിൽക്കൂടി നടക്കാനാവില്യ." മി. നായർ പറഞ്ഞു.

"നമ്മളുടെ കാറിൽ അവർ പോകട്ടെ" മിസ്സിസ്സ് നായർ പറഞ്ഞു. അവർ ഡ്രൈവറെ വിളിച്ചു.

അയാൾ കാറിന്റെ വാതിൽ തുറന്നു.

"കയറൂ ലീലേ", മിസ്സിസ്സ് നായർ പറഞ്ഞു. ലീല കാറിൽ കയറി. സുകുമാരൻ സ്റ്റേഷന്റെ മുൻപിലേക്കു തിരിഞ്ഞുനോക്കി.

അവിടെ ആ നിലത്ത് കൂപ്പുകൈയോടെ ഒരു സത്വം നിൽക്കുന്നു. അവളുടെ മുഖം എല്ലാ ഭീകരതകളുടേയും ഒരു പ്രദർശനരംഗമാണെന്ന് സുകുമാരന്നു തോന്നി. അവളുടെ കണ്ണുകളിൽനിന്ന് ഇടിമിന്നൽ പുറപ്പെട്ടു. കൂപ്പുകൈ ഒരു ശാപമുഷ്ടിയായി മാറി. അവൾ അലറുന്നത് സുകുമാരൻ വ്യക്തമായി കേട്ടു- "ഓ... ഓ... ദുഷ്ടാ!!"

അയാൾ കാറിലേക്ക് തന്നെത്താൻ തള്ളിയിടപ്പെട്ടു.